ഉത്തരം

(എ) ഉണ്ട്.

(ബി, സി) നിലവിലുള്ള ചട്ടങ്ങളനുസരിച്ചാണ് പ്രമോഷൻ നടക്കുന്നത്. ഒരു പ്രത്യേക വിഭാഗത്തിന് അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകുന്ന പ്രശ്നം ഉത്ഭവിക്കുന്നില്ല.

മിനിമം പെൻഷൻ

1091. [1613] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനിമം പെൻഷൻ 500 രൂപയാക്കി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് പെൻഷനേഴ്സ് അസോസിയേഷൻ ഭാരവാഹികളിൽ നിന്നും എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് പറയാമോ ;

(സി) ഇന്നത്തെ ക്രമാതീതമായ വില വർദ്ധനവ് കണക്കിലെടുത്ത് മിനിമം പെൻഷൻ 500 രൂപയാക്കി ഉയർത്താൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാലാം കേന്ദ്ര ശമ്പളക്കമ്മീഷന്റെ ശുപാർശകളിൽ പെൻഷൻകാരുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെൻറ് എടുക്കുന്ന തീരുമാനം അറിഞ്ഞശേഷം ഈ കാര്യം പരിഗണിക്കാം എന്നതാണ് ഗവൺമെൻറിന്റെ തീരുമാനം.

(സി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാന ജീവനക്കാർക്കുവേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രൈബൂണലുകൾ

1092. [1617] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കേന്ദ്രങ്ങൾ ആസ്ഥാനമാക്കി സംസ്ഥാന ജീവനക്കാർക്കുവേണ്ടി അഡ്മിനിസ്ട്രേറ്റീവ് ട്രൈബൂണലുകൾ രൂപീകരിക്കുവാൻ തീരുമാനിച്ചിരുന്നുവോ ;

(ബി) ഇതിന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാനാണ് തീരുമാനിച്ചത് ;

(സി) ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ ഓരോ ബഞ്ചിലേക്കും നിയോഗിച്ച ജുഡീഷ്യൽ മെമ്പർ, അഡ്മിനിസ്ട്രേറ്റീവ് മെമ്പർ എന്നിവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) 1986 ജൂൺ മുതൽ.

(സി) പ്രവർത്തനം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly